സ്റ്റേറ്റ് ഹൈവേകൾ

115 [1342] ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
,, സി. കെ. നാണു:

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി സ്റ്റേറ്റ് ഹൈവേകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണ്;

(ബി) ഇന്ന് നിലവിലുള്ള സ്റ്റേറ്റ് ഹൈവേകളിൽ ഏതൊക്കെ ഹൈവേകൾ വേൾഡ് ബാങ്ക് സഹായത്തോടെ അപ്ഗ്രേഡ് ചെയ്യുവാനും ഹെവിമെയിന്റനൻസ് നടത്തുവാനും ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) ടൂറിസ്റ്റ് മേഖലയായ കോഴിക്കോട് ജില്ലയിലെ കാപ്പാട് നിന്ന് ആരംഭിക്കുന്ന കുനീക്കടവ് പാലം വഴി വയനാട്ടിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വേൾഡ് ബാങ്ക് സഹായത്തോടെ അപ്ഗ്രേഡ് ചെയ്യുവാനും ഹെവി മെയിന്റനൻസ് നടത്തുവാനും ഉദ്ദേശിക്കുന്ന സ്റ്റേറ്റ് ഹൈവേകൾ താഴെപ്പറയുന്നവയാണ്:

അപ്ഗ്രഡേഷൻ:

എം. സി. റോഡ്	എസ്. എച്ച്	..	1
പുനലൂർ-മൂവാറ്റുപുഴ	എസ്. എച്ച്	..	8
തൃശൂർ-കുറ്റിപ്പുറം	എസ്. എച്ച്	..	30
കാസർഗോഡ്-കാഞ്ഞങ്ങാട്	എസ്. എച്ച്	..	56
ആലപ്പുഴ-ചങ്ങനാശ്ശേരി	എസ്. എച്ച്	..	11

ഹെവിമെയിന്റനൻസ്:

തിരുവനന്തപുരം-തൈക്കോട്	എസ്. എച്ച്	..	1
പേരൂർക്കട-നെടുമങ്ങാട്	എസ്. എച്ച്	..	45
ആലുവ-കോതമംഗലം	എസ്. എച്ച്	..	16

LIBRARY ARCHIVES Kerala Legislative Assembly

തൃശൂർ-കൊടുങ്ങല്ലൂർ	എസ്. എച്ച്	..	22
പോട്ട-മൂന്നുപീടിക	എസ്. എച്ച്	..	60
തളിപ്പറമ്പ്-ഇരിട്ടി	എസ്. എച്ച്	..	36
നറുകര-സ്റ്റേറ്റ് ബോർഡർ	എസ്. എച്ച്	..	28
കൊയിലാണ്ടി-താമരശ്ശേരി	എസ്. എച്ച്	..	34
ചേർക്കള-ജെൽസൂർ	എസ്. എച്ച്	..	55
ഏറ്റുമാനൂർ-ഈരാറ്റുപേട്ട	എസ്. എച്ച്	..	32
കായംകുളം-അടൂർ	എസ്. എച്ച്	..	5
പാറമട-മൂലമറ്റം-തൊടുപുഴ	എസ്. എച്ച്	..	33
നിലമ്പൂർ-പെരിന്തൽമണ്ണ	എസ്. എച്ച്	..	39
നെടുമ്പാശ്ശേരി-കൊടൈക്കനാൽ	എസ്. എച്ച്	..	18
കായംകുളം-തിരുവല്ല	എസ്. എച്ച്	..	6
മാവേലിക്കര-കോഴഞ്ചേരി	എസ്. എച്ച്	..	10
തിരുവനന്തപുരം-പൊൻമുടി എൻ.	എസ്. എച്ച്	..	2
പൂപ്പാറ-കുമിളി	എസ്. എച്ച്	..	19

(സി) ഇതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

നാഷണൽ ഹൈവേകളുടെ വികസനം

116 [1343] ശ്രീ. കെ. എൻ. എ. ഖാദർ:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, കെ. കുട്ടി അഹമ്മദ് കുട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേകളുടെ വികസനത്തിനുവേണ്ടി കഴിഞ്ഞ രണ്ട് വർഷം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് ചെലവാക്കിയ തുക എത്രയാണെന്നും അതുവഴി ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly